


# എം. കൃഷ്ണൻനായർ




**ചെസ് വാഫ് മീവാഷ്**
(Czeslaw Milosz)

## ചെസ് വാഫ് മീവാഷ്

പണ്ടൊരു തടിക്കച്ചവടക്കാരൻ നദിയുടെ തീരത്ത് തടികൾക്കൂട്ടിയിട്ടിരുന്നു. വെള്ളപ്പൊക്കം വന്നപ്പോൾ അവയെല്ലാം ഒഴുകിപ്പോയി. ഒരു യാചകൻ അതുകണ്ട് തടിയെല്ലാം പിടിച്ചെടുത്ത് വില്പന നടത്തി. അങ്ങനെ ഭിക്ഷക്കാരൻ തടിക്കച്ചവടക്കാരനായി; തടിക്കച്ചവടക്കാരൻ ഭിക്ഷക്കാരനുമായി. 'സൂര്യൻ പ്രകാശിക്കുമ്പോൾ വൈക്കോലുണക്കിക്കൊള്ളു', 'ഇരുമ്പ് പഴുത്തിരിക്കുമ്പോൾ അടിച്ചുകൊള്ളു', 'സന്ദർഭം രണ്ടുതവണ കതകിൽ തട്ടുന്നില്ല'. ഈ ഇംഗ്ലീഷ് പഴഞ്ചൊല്ലുകളെല്ലാം യാചകൻ മനസ്സിലാക്കിയിരുന്നു എന്നു വ്യക്തം. കേരളത്തിലെ സാഹിത്യകാരന്മാർ സമ്മാനം നേടുന്നത് ഇങ്ങനെയാണ്. ഫലം തടിക്കച്ചവടക്കാർ യാചകരാവുന്നു; യാചകർ തടിക്കച്ചവടക്കാരും. ഈ വിധത്തിൽ സമ്പന്നനായ ഒരാളാണ് പോളിഷ് കവിയായ ചെസ്വാഫ് മീവാഷ്. എങ്കിലും നല്ല കവിയാണ് അദ്ദേഹം. പക്ഷേ, സോൾ ഷെനിറ്റ്സ്യനെപ്പോലെ കമ്മ്യൂണിസനിന്ദനം നടത്തിയതുകൊണ്ടാണ് നോബൽസമ്മാനം നേടിയത്. ബോർഹെസിന്റെയോ ഗാർസിയ മർക്കേസിന്റെയോ പ്രതിഭ അദ്ദേഹത്തിനില്ല. അവയ്ക്കുള്ള പ്രതിഭയുടെ ആയിരത്തിലൊരംശം പോലും അദ്ദേഹത്തിനില്ല എന്ന് തിരുത്തിപ്പറയട്ടെ. ചെസ്വാഫ് മീവാഷിനെക്കുറിച്ച് 'കലാകൗമുദി'യിലും 'കേരള കൗമുദി'യുടെ വീക്കെൻഡ് എഡീഷനിലും ശ്രീ ഇ.വി. ശ്രീധരൻ ഉപന്യസിച്ചിരിക്കുന്നു. കവിയായ മീവാഷിനെ ആ ലേഖനങ്ങളിൽ കാണാനില്ലെങ്കിലും രാഷ്ട്രീയ പ്രവർത്തകനായ മീവാഷിനെ അവയിൽ ദർശിക്കാം. നിഷ്പക്ഷ ചിന്താഗതി പ്രദർശിപ്പിക്കുന്ന ലേഖനങ്ങളാണ് ശ്രീധരന്റേത്.

## ശ്രീ. ഹരികുമാർ

എന്റെ വായനക്കാരിൽ പലരും സ്നേഹിച്ചവരോ സ്നേഹിക്കുന്നവരോ ആയിരിക്കും. എന്നാൽ, ആ അനുഭവത്തേക്കാൾ എത്രയോ സമ്പന്നവും സങ്കീർണവുമാണ് സ്നേഹം പ്രതിപാദ്യവിഷയമാക്കിയിട്ടുള്ള ഒരു മാസ്റ്റർ പീസ് വായിക്കുമ്പോൾ ജനിക്കുന്ന അനുഭവം. (ഉദാഹരണം ബഷീറിന്റെ 'ബാല്യകാലസഖി' തന്നെയാവട്ടെ) നമ്മളിൽ പലരും യാത്ര നിർവഹിച്ചിട്ടുള്ളവരാണ്. ആ യാത്ര പ്രദാനം ചെയ്ത അനുഭവത്തെക്കാൾ ഉത്കൃഷ്ടമാണ് ലാറൽസ് ഡ്യൂറലിന്റെ യാത്രാവിവരണങ്ങൾ നൽകുന്ന അനുഭവങ്ങൾ. യഥാർഥമായ അനുഭവത്തിനു സങ്കുചിതത്വമുണ്ട്. കലാസൃഷ്ടികളിലെ അനുഭവമണ്ഡലം വിശാലമാണ്. യുദ്ധത്തിൽ പങ്കുകൊണ്ട വായനക്കാർ എനിക്കുണ്ടെന്നു തന്നെ കരുതട്ടെ. അവരുടെ നേരിട്ടുള്ള അനുഭവങ്ങളും ' യുദ്ധവും സമാധാനവും' എന്ന നോവലിലെ അനുഭവങ്ങൾ അവർ താരതമ്യപ്പെടുത്തട്ടെ. നേരിട്ടുള്ള അനുഭവങ്ങൾ തുച്ഛങ്ങളാണെന്നു മനസ്സിലാക്കാം. കുഞ്ഞിനെ പഠിപ്പിക്കുന്നതും വളർത്തിക്കൊണ്ടുവരുന്നതും ഒക്കെ അനുഭവം തന്നെ. പക്ഷേ, അവയ്ക്ക് സമ്പന്നത ഉണ്ടെന്ന് നാമറിയുന്നത് ശ്രീ ഹരികുമാർ എഴുതിയ 'ഒരു കങ്ഫ്യൂ ഫൈറ്റർ' എന്ന കഥ വായിക്കുമ്പോഴാണ്. (കലാകൗമുദിയിൽ) അനുഭവസമ്പന്നത പ്രദാനം ചെയ്ത് ജീവിതാവബോധത്തെ തീക്ഷ്ണതരമാക്കുന്നതാണ് ഉത്കൃഷ്ടസാഹിത്യം.

ഓണക്കാലം. ഒരു പയ്യൻ ആറ്റിനരികെ നിന്നു പട്ടം പറത്താൻ ശ്രമിക്കുകയാണ്. പട്ടം ഉയരുന്നതേയില്ല. അവന്റെ അച്ഛൻ അതുകണ്ട് പട്ടംവാങ്ങിയിട്ടു പറഞ്ഞു. 'നമുക്ക്

അങ്ങേക്കരയിലേക്ക് പോകാം' അവർ അവിടെ ചെന്നു. അച്ഛൻ പട്ടവുംകൊണ്ട് അല്പം ഓടിയിട്ട് അതുയർത്തി. ഒന്നിനൊന്ന് അത് ആകാശത്ത് ഉയർന്നു. നൂലുവെട്ടിച്ചു വെട്ടിച്ച് അയാൾ അത് കൂടുതൽ കൂടുതൽ ഉയർത്തുക യാണ്. അപ്പോൾ മകൻ പറഞ്ഞു: "അച്ഛാ മതി. ഇനി പട്ടം എന്റെ കൈയിൽ തരൂ" അച്ഛനു ദേഷ്യം. "ഛീ മിണ്ടാതി രിയെടാ. നിന്നെ ഇങ്ങോട്ട് കൊണ്ടുവരണ്ടായിരുന്ന്. ഇവി ടെ അച്ഛൻ ശിശുവായി മാറി പരിഹാസ്യനായിത്തീരുന്നു. ഹരികുമാറിന്റെ കഥയിൽ അച്ഛനും മകനും നൈർമല്യം തേടുന്നു.

(സാഹിത്യവാരഫലം മുഴുവനും ഇവിടെ കൊടുത്തിട്ടി ല്ല.)